# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 105** | **25.04.2017- ൽ മറുപടിയ്ക്ക്**

## പ്രവാസി കേരളീയകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജയിംസ് മാത്യു<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.കെ.ദാസൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദുരിതം അനുഭവിക്കുന്ന പ്രവാസി മലയാളികളെ തിരികെ എത്തിക്കുന്നതിന് പ്രവാസി കേരളീയകാര്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) വിദേശ രാജ്യങ്ങളിൽ തുടരവെ ജോലി സംബന്ധമായ പ്രശ്നം നേരിടുന്നവർ, തൊഴിൽ ദാതാവുമായി തർക്കങ്ങളിലോ കോടതി വ്യവഹാരങ്ങളിലോ അകപ്പെട്ടവർ, മനഃപൂർവ്വമല്ലാത്ത കാരണങ്ങളാൽ രേഖകൾ നഷ്ടപ്പെട്ടവർ എന്നിവരിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറക്ക് അക്കാര്യം ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് പ്രശ്ന പരിഹാരം നടത്തി അവരെ തിരികെ എത്തിക്കാൻ കേരളീയ പ്രവാസികാര്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വിദേശത്ത് ആവശ്യമുള്ള നിയമപരമായ രേഖകൾ തയ്യാറാക്കുന്നതിനായി പ്രവാസിയുടെ നാട്ടിലുള്ള ബന്ധുക്കൾക്ക് ആവശ്യമായ ഉപദേശങ്ങളും ഈ വകുപ്പിൽ നിന്നും നല്കി വരുന്നുണ്ട്. മനഃപൂർവ്വമല്ലാത്ത കാരണങ്ങളാൽ വിദേശത്ത് നിയമപ്രശ്നം നേരിടുന്നവരെ സഹായിക്കുവാനായി ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫയർ ഫണ്ട് ഉപയോഗിച്ച് ഇന്ത്യൻ എംബസ്സി അർഹതയുള്ള കേസുകളിൽ പ്രാഥമിക നിയമസഹായം ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ സ്വന്തം കുറ്റം കൊണ്ടല്ലാതെ വിദേശത്ത് അനധികൃതമായി താമസിക്കേണ്ടി വരുന്നവർക്ക് ശിക്ഷ ലഭിച്ചാൽ 1000 അമേരിക്കൻ ഡോളർ വരെയുള്ള തുക പിഴയടയ്ക്കുന്നതിനും എംബസ്സി മുഖേന പദ്ധതി നിലവിലുണ്ട്. ഇന്ത്യക്കാർ ജയിൽ മോചനത്തിനായി ചെറിയ പിഴ അടയ്ക്കേണ്ട സാഹചര്യം ഉണ്ടായാൽ 2500 അമേരിക്കൻ ഡോളർ വരെയുള്ള തുക എംബസ്സി നൽകി |

സഹായിക്കും. നിവൃത്തിയില്ലാത്ത ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫയർ ഫണ്ട് ഉപയോഗിച്ച് എംബസ്സി നാട്ടിലേയ്ക്ക് വിമാന ടിക്കറ്റ് എടുത്തു നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. തന്റേതല്ലാത്ത കാരണങ്ങളാൽ നീണ്ട ജയിൽ ശിക്ഷ അനുഭവിച്ച് മോചിതരായവർക്ക് നാട്ടിലേക്കുള്ള ടിക്കറ്റ് എടുക്കാൻ കഴിയാതെ വന്നാൽ വിമാന ടിക്കറ്റ് നല്കുന്നതിനായി 'സ്വപ്ന സാഫല്യം' എന്ന സംസ്ഥാന സർക്കാർ പദ്ധതിയും നിലവിലുണ്ട്. കൂടാതെ കാലാകാലങ്ങളിൽ വിദേശ രാജ്യങ്ങളിൽ പൊതു മാപ്പുകൾ പുറപ്പെടുവിക്കുമ്പോൾ പ്രവാസികളുടെ സുരക്ഷിതമായിട്ടുള്ള മടങ്ങി വരവിനായി ആവശ്യമായ തുടർ നടപടികൾ ഇന്ത്യൻ എംബസ്സി മുഖാന്തിരവും, കേന്ദ്ര വിദേശകാര്യ മന്ത്രാലയം മുഖേനയും ഈ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നു.

(ബി) തൊഴിൽ നഷ്ടപ്പെട്ട് ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്നവരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ലേബർ ക്യാമ്പുകളിൽ മലയാളികൾ കഷ്ടപ്പാടുകൾ അനുഭവിക്കുന്നതായി വിവരം ലഭിച്ചാൽ എംബസ്സി ഉദ്യോഗസ്ഥരും, പ്രവാസികളായ സാമൂഹിക സന്നദ്ധ പ്രവർത്തകരും പ്രസ്തുത ക്യാമ്പുകൾ സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആവശ്യമായ ഇടപെടൽ നടത്തി അവരുടെ മോചനം സാധ്യമാക്കുന്നതിനും, മറ്റ് തൊഴിൽ സമ്പാദിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സൗദി അറേബ്യ ഇപ്പോൾ പ്രഖ്യാപിച്ച പൊതുമാപ്പ് മൂലം തിരികെ വരേണ്ടി വരുന്നവരെ വിമാന ടിക്കറ്റ് എടുത്ത് നാട്ടിലെത്തിക്കുന്നതിന് കേന്ദ്ര സർക്കാരിനോടും, സൗദി എംബസ്സിയോടും 19.04.2017-ൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) വിദേശത്ത് മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും ഗുരുതരമായ അപകടങ്ങളിൽപ്പെട്ടവരെ ആശുപത്രികളിൽ എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ ?

(സി) വിദേശത്ത് വച്ച് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കൾ ആവശ്യപ്പെടുന്ന പ്രകാരം ഇന്ത്യൻ എംബസ്സിയുടെ സഹായത്തോടെ മൃതദേഹവും, മറ്റ് അനുബന്ധ വസ്തുക്കളും അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വളരെ നിർദ്ധനരായ പ്രവാസി മലയാളികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ്,

നിബന്ധനകൾക്ക് വിധേയമായി വഹിക്കുന്നതിനായി 'കാരുണ്യം', 'എമർജൻസി റിപാട്രിയേഷൻ ഫണ്ട്' എന്നീ പദ്ധതികൾ ഉപയോഗിച്ചു വരുന്നു. ഗുരുതരമായ അപകടങ്ങളിൽപ്പെട്ട് നാട്ടിലെത്തുന്നവർക്ക് വൈദ്യസഹായം ആവശ്യമുള്ള പക്ഷം വിമാനത്താവളങ്ങളിൽ വിദഗ്ധ പരിചരണം ഉൾപ്പെടെയുള്ള ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനായുള്ള പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ